"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ഡബ്ല്യു.എം.പി. - ഐ.ഇ.സി. മാർഗനിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.214/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:- (1) സ.ഉ.(സാധാ)നം.397/2025/LSGD തീയതി 08.02.2025.

(2) കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടറുടെ 19.01.2026-ലെ 1832/IEC/2024/KSWMP നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഖരമാലിന്യ പരിപാലനത്തിന് ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മാലിന്യപരിപാലന സംവിധാനങ്ങൾ ഒരുക്കുന്നതിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി.) മുഖേന സംസ്ഥാനത്തെ നഗര തദ്ദേശസ്ഥാപന തലത്തിൽ വിപുലമായ പ്രചരണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ സമഗ്രമായ ഐ.ഇ.സി പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ചും, ഈ മാർഗനിർദ്ദേശങ്ങൾ പ്രകാരം ബോധവത്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ഐ.ഇ.സി. പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ 2025 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(2) ഐ.ഇ.സി. പ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ സാങ്കേതികമായ അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും ഉണ്ടായ അപ്രതീക്ഷിത കാലതാമസം കാരണം 2026 ജനുവരി മാസത്തോട്ടു കൂടിയാണ് പ്ലാൻ പൂർത്തീകരണവും അംഗീകാര നടപടികളും പൂർത്തിയായിട്ടുള്ളതെന്നും, അംഗീകാരം ലഭിച്ച പദ്ധതികൾ താഴെത്തട്ടിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനും, ലക്ഷ്യമിട്ട ഫലം കൈവരിക്കുന്നതിനും കൂടുതൽ സമയം ആവശ്യമായിനാൽ നഗരതദ്ദേശ സ്ഥാപനങ്ങളിലെ ഐ.ഇ.സി. പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയ നഗരതദ്ദേശ സ്ഥാപനങ്ങളിലെ ഐ.ഇ.സി. പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 2026 ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്.
എല്ലാ നഗര തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 27-01-2026 16:26:20

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.